## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1728 14.08.2017-ൽ മറുപടിക്ക്**

**<u>സി.പി.എം - ബി.ജെ.പി.സംഘർഷം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരത്ത് നടന്ന സി.പി.എം. - ബി.ജെ.പി. സംഘർഷവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും, ഡി.ജി.പി.യും ഗവർണറെ സന്ദർശിച്ച് അക്രമം തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരണം നൽകിയിട്ടുണ്ടോ; | (എ) ഗവർണ്ണർ പ്രത്യേക വിശദീകരണം ആവശ്യപ്പെട്ടിരുന്നില്ല. |
| (ബി)ഗവർണർ നല്കിയ നിർദ്ദേശമനുസരിച്ചാണോ മുഖ്യമന്ത്രി ബി.ജെ.പി.-ആർ.എസ്.എസ് നേതാക്കളുമായി ചർച്ച നടത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) അല്ല. |
| (സി)പ്രസ്തുത ചർച്ചയിൽ എടുത്തിട്ടുള്ള തീരുമാനം എന്താണെന്ന് വിശദമാക്കുമോ? | (സി) സർവ്വകക്ഷിയോഗം കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

ഭരണപരം

സംസ്ഥാനത്ത് നടന്ന
അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട തിരുവനന്തപുരം തൈയ്ക്കാട്
ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ 06.08.2017-ന് ബഹു.മുഖ്യമന്ത്രി
വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിന്റെ നടപടിക്കുറിപ്പുകൾ

യോഗം 3.00 PM-ന് ആരംഭിച്ചു. യോഗത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷത വഹിച്ചു.

**യോഗത്തിൽ പങ്കെടുത്തവരുടെ പേരും വിവരങ്ങളും.**

1. ശ്രീ. രമേശ് ചെന്നിത്തല – പ്രതിപക്ഷ നേതാവ്.
2. ശ്രീ. വൈക്കം വിശ്വൻ സി.പി.ഐ.(എം)
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ - സി.പി.ഐ.(എം)
4. ശ്രീ. കുമ്മനം രാജശേഖരൻ - ബി.ജെ.പി.
5. ശ്രീ. പി. സി. ജോർജ് എം.എൽ.എ. - ജനപക്ഷം
6. ശ്രീ. കാനം രാജേന്ദ്രൻ - സി. പി. ഐ.
7. ശ്രീ. ഒ. രാജഗോപാൽ എം.എൽ.എ. - ബി. ജെ. പി.
8. ശ്രീ അനൂപ് ജേക്കബ് എം.എൽ.എ. - കേരള കോൺഗ്രസ് (ജേക്കബ്)
9. ശ്രീ. ജോസഫ് എം. പുതുശ്ശേരി - കേരള കോൺഗ്രസ് (എം)
10. ശ്രീ. റ്റി. പി. പീതാംബർ മാസ്റ്റർ - എൻ.സി.പി.
11. ശ്രീ. എം. എം. ഹസ്സൻ - കെ.പി.സി.സി. പ്രസിഡന്റ്
12. ശ്രീ. നെയ്യാറ്റിൻകര സനൽ ഐ.എൻ.സി (ഐ)
13. അഡ്വ. സജ്ജയൻ - ആർ.എസ്. പി. (എൽ)
14. ശ്രീ. എം. സി മായിൻഹാജി - ഐ.യു.എം.എൽ.
15. ശ്രീ. സുരേന്ദ്രൻപിള്ള – ജനതാദൾ (യു)
16. ശ്രീ. കെ. കൃഷ്ണൻകുട്ടി - ജെ.ഡി.എസ്.
17. അഡ്വ. എസ്.ബൽദേവ് - ആർ.എസ്. പി. (എൽ)
18. ശ്രീ. എം.ടി. രമേശ് - ബി. ജെ. പി.
19. ശ്രീ. ഒ.പി.ഐ. കോയ – നാഷണൽ സെക്കുലർ കോൺഫറൻസ്
20. ശ്രീ. സി. വേണുഗോപാലൻ നായർ - കേരള കോൺഗ്രസ് (എസ്)
21. ശ്രീ.ജി. സുഗുണൻ - സി.എം. പി.
22. ശ്രീ. ഉഴമലയ്ക്കൽ വേണുഗോപാൽ - കോൺഗ്രസ് (എസ്)
23. ശ്രീ എം വി ജയരാജൻ , മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
24. ശ്രീ സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി(ആഭ്യന്തരം &

വിജിലൻസ്)

ബഹു. മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്യുകയും സംസ്ഥാനത്തെ സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. നേരത്തെ ചേർന്ന സർവ്വകക്ഷിയോഗത്തിന്റെ തീരുമാനത്തിന്റെ ഭാഗമായി കണ്ണൂരിൽ ഒരു സർവ്വകക്ഷിയോഗവും, ബന്ധപ്പെട്ട കക്ഷികൾ തമ്മിലുള്ള ചർച്ചയുംനടക്കുകയും ഇതിനെല്ലാം നല്ല ഫലം പൊതുവെ ഉണ്ടാകുകയും ചെയ്തിരുന്നു. എന്നാൽ സംഭവങ്ങൾ പിന്നീടും ആവർത്തിക്കുന്ന നിലയുണ്ടായി. അത്തരം സംഭവങ്ങൾ ഉണ്ടായ സ്ഥലങ്ങളിൽ രണ്ട് കൂട്ടരും പരസ്പരം സംസാരിക്കുകയും ഇടപെടുകയും ചെയ്യുന്ന സാഹചര്യം നേരത്തെ ഉണ്ടായിരുന്നുവെന്നും അതിന്റെ ഫലമായി ഏതെങ്കിലും ഒരു സംഭവം ഉണ്ടായാൽ തന്നെ അതിന്റെ തുടർച്ചയായി മറ്റ് സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ഇത് ഇടയാക്കിയിരുന്നു. പക്ഷെ കുറച്ച് നാള് കഴിഞ്ഞപ്പോൾ ഈ അന്തരീക്ഷത്തിന് വലിയ മാറ്റങ്ങൾ ഉണ്ടായതായും കൊലപാതകങ്ങൾ തന്നെ നടക്കുന്ന അവസ്ഥയും ഉണ്ടായി. ഈ കാര്യത്തിൽ ശക്തമായൊരു സമീപനം ഉണ്ടാകേണ്ടതായിട്ടുണ്ട്. സർക്കാർ എന്ന നിലക്ക് ചെയ്യേണ്ടത് ഒരു കുറവും വരുത്താതെ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അത് ഏത് അക്രമ സംഭവം ഉണ്ടായാലും അതിൽപ്പെട്ട ആളുകൾക്ക് നേരെ മുഖം നോക്കാതെയുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് പോലീസിന് നിർദ്ദേശം നൽകിയിട്ടുള്ളത്. പൊതുവെ പോലീസ് അത് പാലിച്ചു വരുന്നുമുണ്ട്. പക്ഷെ നമുക്കെല്ലാം അറിയുന്നതുപോലെ പോലീസിന്റെ നടപടികൊണ്ട് മാത്രം പൂർണ്ണ സമാധാനം നിലനിർത്താൻ നമുക്ക് കഴിയില്ല. അപ്പോൾ അക്കാര്യത്തിൽ ശക്തമായ ബോധവത്കരണം നടക്കേണ്ടതായിട്ടുണ്ട്. നാം എല്ലാം കൂടി എടുക്കേണ്ട നിലപാടും കൂടാതെ ബന്ധപ്പെട്ടകക്ഷികൾ തങ്ങളുടെ അണികളെ ഇത്തരം സ്ഥലങ്ങളിൽ നിന്ന് ഒഴിവാക്കി നിർത്തുന്നതിനുവേണ്ടി സ്വീകരിക്കേണ്ട നിലപാടുകളും ഏറ്റവും പ്രധാനമാണ്. അങ്ങനെ മാത്രമേ നമുക്ക് സമാധാനം പൂർണ്ണതോതിൽ നിലനിർത്താൻ കഴിയൂ. ഇപ്പോഴും ഒരു പിടികിട്ടാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങിയെന്ന് പറയാൻ പറ്റില്ല. എല്ലാവരും മനസ്സിലാക്കിയതുപോലെ ബന്ധപ്പെട്ട കക്ഷികളെ ഇരുത്തി ചർച്ച നടന്നിരുന്നു. ആ ചർച്ചയുടെ ഭാഗമായി കണ്ടകാര്യവും ഇതുതന്നെയാണ്, അണികളെ ഇത്തരം സംഭവങ്ങളിൽ നിന്ന് മാറ്റി നിർത്തുന്നതിന് ജാഗ്രത പാലിക്കുക എന്നതാണ് പ്രത്യേകമായി കണ്ടത്. തിരുവനന്തപുരത്തും കോട്ടയത്തും കണ്ണൂരും ഇത്തരം യോഗങ്ങൾ നടക്കുകയുണ്ടായി. ഈ അടുത്ത കാലത്ത് കണ്ടുവരുന്ന ഒരു പ്രത്യേകത പഴയ കാലത്ത് ഇത്തരം യോഗങ്ങളൊക്കെ നടന്ന് ഒരു പൊതു അഭ്യർത്ഥന വന്നാൽ എല്ലാ അണികളും അത് അനുസരിക്കാൻ തയ്യാറാകും, പക്ഷെ ഇപ്പോൾ അതിന് വ്യത്യസ്ഥമായ നില കാണുന്നതെന്നും ആയതിനാൽ

കുറേക്കൂടി ജാഗ്രതയോട് കൂടിയ ഇടപെടൽ ഉണ്ടാകണമെന്നാണ് അത് ഓർമ്മിപ്പിക്കുന്നത്. ഇതിൽ നമുക്ക് നമ്മുടെ നാടിന്റെ സൽപ്പേര് നമ്മുടെ നാട്ടിലാണ് ഏറ്റവും കൂടുതൽ ക്രമസമാധാനം നിലനിൽക്കുന്നത്. ആ സ്ഥിതിക്ക് ഭംഗം വരാതിരിക്കാനുള്ള കൂട്ടായ ശ്രമം നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നും. എന്താണ് തുടർന്ന് ചെയ്യേണ്ടതെന്ന് സംബന്ധിച്ച് എല്ലാ കക്ഷി നേതാക്കളും അവരുടെ വിലപ്പെട്ട അഭിപ്രായം യോഗത്തെ അറിയിക്കണം എന്നും ബഹു മുഖ്യമന്ത്രി യോഗത്തിന് ആമുഖമായി പറയുകയുണ്ടായി

**<u>പ്രതിപക്ഷ നേതാവ്</u>**

ബഹു. മുഖ്യമന്ത്രി പറഞ്ഞതുപോലെ അവരുടെ നാട്ടിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഡൽഹിയിലൊക്കെ കേരളമെന്ന് കേട്ടാൽ അക്രമകാരികളുടേയും കൊലപാതകികളുടേയും സാമൂഹ്യവിരുദ്ധൻമാരുടേയും നാടാണ്. ഇവിടെ ജീവിക്കാൻ കഴിയാത്ത അവസ്ഥയാണെന്നുള്ളതെന്നമുള്ള പ്രചരണം ആണ് നടക്കുന്നത്. നമ്മുടെ നാട് കൊലപാതകികളുടേയും അക്രമികളുടേയും നാടാണ് എന്നുള്ള വ്യാപകമായ പ്രചരണം നടക്കുകയാണ്. തിരുവനന്തപുരത്ത് ഉണ്ടായ സംഭവം മറ്റ് കാലഘട്ടത്തിൽ ഉണ്ടായ സംഭവങ്ങളിൽ നിന്നും വ്യത്യസ്ഥമാണ്. കാരണം 2 സംസ്ഥാന നേതാക്കന്മാരുടെ വീടുകൾ ആക്രമിച്ചു എന്നുള്ളതാണ്. ഒരാൾ താമസിക്കുന്ന പാർട്ടി ഓഫീസ് മറ്റയാൾ താമസിക്കുന്ന വീട് സാധാരണ ഗതിയിൽ കേരളത്തിൽ അത്തരത്തിൽ സംസ്ഥാന തലത്തിൽ ഉന്നതരും പ്രധാനപ്പെട്ടവരുമായ നേതാക്കന്മാരുടെ വീടുകൾ ആക്രമിക്കുന്ന ഒരു സംഭവം ഒരു പക്ഷെ ആദ്യമായിട്ടായിരിക്കാം. ഇത് ഗൗരവപൂർവ്വം എടുക്കേണ്ടതാണ്. അതുകൊണ്ടാണ് തുടർന്ന മറ്റ് പല ജില്ലകളിലേക്കും ഉത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. ഒരു പ്രദേശത്ത് 2 പാർട്ടികൾ തമ്മിൽ സംഘർഷം ഉണ്ടായാൽ അവിടെ ഒതുങ്ങി നിൽക്കുകയും അവിടെ പോലീസിന്റെ ഇടപെടീലും രാഷ്ട്രീയ ഇടപെടീലും ഉണ്ടായി ആ പ്രശ്നം പരിഹരിക്കപ്പെടുകയാണ് ചെയ്യാറ്. പക്ഷേ ഇത്തവണ 2 പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടി നേതാക്കന്മാർക്ക് നേരെ അക്രമം ഉണ്ടായതു കൂടി ആണ് ഇതിന് വേറൊരു മാനം കൈവന്നത്. അതിനെ വളരെ ഗൗരവത്തോടുകൂടി യോഗം എടുക്കണം. കേന്ദ്രം ഭരിക്കുന്ന പാർട്ടിയെന്ന നിലയിലും കേരളം ഭരിക്കുന്ന പാർട്ടി എന്ന നിലയിലും ഈ പാർട്ടികൾക്ക് കൂടുതൽ ഉത്തരവാദിത്വം ഉണ്ട് . സമാധാനം നിലനിർത്തുന്ന കാര്യത്തിൽ കൂടുതൽ പോലീസ് നടപടി ഒരു ഭാഗത്ത് നടക്കുന്നു. അതോടൊപ്പം തന്നെ ഉണ്ടായ സംഭവങ്ങൾ തുടർന്നുണ്ടാകാതിരിക്കാൻ ഉഭയകക്ഷി ചർച്ച നടന്നിട്ടും അക്രമങ്ങൾ ഉണ്ടാകുന്നു എന്നത് ആശങ്കാജനകം ആണ്. അക്രമ സംഭവത്തിന് ഉത്തരവാദികളായ രണ്ട് കക്ഷികളും ഇക്കാര്യത്തിൽ കുറേക്കൂടി ഗൗരവം കാണിച്ചാൽ മാത്രമേ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുകയുള്ളു. കഴിഞ്ഞ തവണ യോഗം ചേർന്നപ്പോൾ

എല്ലാവരും ഒറ്റക്കെട്ടായിരുന്നു. ഇപ്പോഴും ഒറ്റക്കെട്ടാണ്. കേരളത്തിന്റെ സമാധാനം നിലനിർത്തുവാൻ പ്രതിപക്ഷത്തിന്റെ പൂർണ്ണപിന്തുണ ഉണ്ടാകും. കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾ അദ്ദേഹം യോഗത്തിൽ ഉന്നയിക്കുകയുണ്ടായി

1. രാത്രികാല പട്രോളിംഗ് ഇപ്പോൾ കുറവായി കാണപ്പെടുന്നു. അത് ശക്തമാക്കാനുള്ള നടപടികൾ ഉണ്ടാകണം. വാഹനപരിശോധന ശക്തമാക്കാനും സാമൂഹ്യ വിരുദ്ധന്മാരെ കർശനമായി നേരിടാനുമുള്ള നടപടി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. ഗുണ്ടകളെ ഗുണ്ടകളായി തന്നെ കാണണം.
2. സോഷ്യൽ മീഡിയയിൽ വളരെ മോശമായ രീതിയിലുള്ള പ്രചരണം നടക്കുന്നുണ്ട്. അത് ആഭ്യന്തര വകുപ്പ് ശ്രദ്ധിക്കുകയും അത് തടയാനുള്ള നടപടികൾ ഉണ്ടാകുകയും ചെയ്യണം.
3. തിരുവനന്തപുരത്ത് ഉണ്ടായ അക്രമ പ്രവർത്തനങ്ങളിൽ യഥാർത്ഥത്തിലുള്ള ആളുകൾക്ക് നേരെ കർശന നടപടിയുണ്ടാകണം. അത് എടുക്കുകയും എടുത്തു എന്ന് ബോധ്യപ്പെട്ടുമ്പോൾ മാത്രമേ ഇത്തരം സംഭവങ്ങൾ അവസാനിക്കുകയും നിയമം പരിപാലിക്കുന്ന കാര്യത്തിൽ സർക്കാർ കൂടുതൽ ജാഗ്രത കാണിക്കണം.

<u>**കുമ്മനം രാജശേഖരൻ ,സംസ്ഥാന പ്രസിഡന്റ് ബി ജെ പി**</u>

ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷ നേതാവും പറഞ്ഞ അഭിപ്രായങ്ങളോട് 100% യോജിക്കുകയാണ്. നമ്മുടെ നാട്ടിൽ സമാധാനം ഉണ്ടാകുന്ന, ശാന്തിയുണ്ടാകുന്ന ഒന്നിനോടും യാതൊരു തരത്തിലും എതിർപ്പ് ഇല്ല. കേരളം സംഘർഷ മേഖലയാണെന്നുള്ള പ്രചരണം മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടാകുന്നതും തീർച്ചയായും കേരളത്തിന്റെ വിശാലമായ താല്പര്യങ്ങൾക്ക് ദൂഷ്യം ചെയ്യും. നിക്ഷേപകർ എത്താൻ മടിക്കും, ടൂറിസ്റ്റുകൾ എത്താൻ മടിക്കും മൊത്തം കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആഘാതം ഉണ്ടാകും. സംഘട്ടനങ്ങളുടെ എല്ലാം വേരുകൾ തേടി പോകുന്ന സന്ദർഭത്തിൽ കുറേയൊക്കെ പോലീസിന്റെ നിഷ്ക്രിയത്വം കൊണ്ടാണ്. പോലീസ് വളരെ പെട്ടെന്ന് പ്രവർത്തിച്ചാൽ വളരെ നിഷ്പക്ഷമായും സത്യസന്ധമായും പ്രവർത്തിച്ചാൽ തീർച്ചയായും ഒരു പരിധിവരെ ഇതെല്ലാം തടയാൻ കഴിയും. സർക്കാർ ഭരണയന്ത്രവും ഭരണകക്ഷികളും രണ്ടും രണ്ടായി നിലനിർത്തണം. രാഷ്ട്രീയ പാർട്ടികൾ രാഷ്ട്രീയ പ്രവർത്തനം നടത്തുകയും സർക്കാർ ഭരണയന്ത്രം ജനങ്ങൾക്ക് വേണ്ടിയാണെന്നുള്ള വിശാലമായ താല്പര്യം കണക്കിലെടുത്ത് അവർ

പ്രശ്നങ്ങളോട് സത്യസന്ധമായി ഇടപെടുകയും ചെയ്താൽ പല വിഷയങ്ങളും പരിഹരിക്കാൻ കഴിയും.
തിരുവനന്തപുരത്ത് 27-ന് ഉണ്ടായ സംഭവങ്ങൾ 6 മണി മുതൽ വെളുപ്പിന് 3.30 വരെ വാസ്തവത്തിൽ അക്രമികൾ അഴിഞ്ഞാടുകയായിരുന്നു. അതിനകത്ത് രാഷ്ട്രീയം പലതുമുണ്ടാകാം. ഡി.ജി.പി., എ.ഡി.ജി.പി., ചീഫ് സെക്രട്ടറി എല്ലാമുള്ള തലസ്ഥാന നഗരത്തിൽ ഇത്തരത്തിലുള്ള അക്രമ സംഭവം ഉണ്ടായത് പോലീസിന്റെ നിഷ്ക്രിയത്വം തന്നെയാണ്. പോലീസ് വളരെ പെട്ടെന്ന് ആക്ട് ചെയ്തിരുന്നെങ്കിൽ വളരെ പെട്ടെന്ന് നിയന്ത്രണത്തിൽ കൊണ്ടുവരാൻ പറ്റുമായിരുന്നു.
രാജേഷിന്റെ കൊലപാതകത്തിൽ ഒരു പ്രതിക്ക് ജാമ്യം കിട്ടിയത് എങ്ങനെയാണെന്ന് സർക്കാർ പരിശോധിക്കണം. ജാമ്യം കിട്ടുന്ന വകുപ്പ് ഉപയോഗിച്ചാണ് പ്രോസിക്യൂഷൻ കേസ് മുന്നോട്ടേക്ക് കൊണ്ടുപോയത് എന്നാണ്അതിന്റെ അർത്ഥം. അത് വാസ്തവത്തിൽ ഇരയായി തീരുന്നവരുടെ കുടുംബങ്ങൾക്ക് ഉണ്ടാകുന്ന ആഘാതം വളരെ വലുതാണ്. അതൊക്കെ പോലീസിന്റെ വീഴ്ചയാണ്. അക്രമ സംഭവം ഉണ്ടായാൽ നിലവിലുള്ള നിയമം അനുസരിച്ച് അത് നേരിടണം. അങ്ങനെ ജനങ്ങളിൽ ഒരു വിശ്വാസം ഉണ്ടാകണമെന്നുള്ളതാണ് ഇരകളുടെ വീടുകളിൽ എല്ലാവരും പോവുക.

എല്ലാവരും പരസ്പരം യോജിച്ച് നിന്ന് ഒരു പൊതുവിപത്തിനെ ഒത്തൊരുമിച്ച് നേരിടുവാൻ തയ്യാറാകുക എന്നതാണ് പ്രധാന കാര്യം. സോഷ്യൽ മീഡിയയിൽ അതിരുവിട്ട നിയമവിരുദ്ധമായ വളരെയേറെ ദൂരവ്യാപക ഫലങ്ങളുണ്ടാക്കുന്ന പദപ്രയോഗങ്ങളും, പോസ്റ്റിങ്ങും നടക്കുന്നു. പ്രകോപനം സൃഷ്ടിക്കുന്ന നീക്കങ്ങൾ ആരുടെയും ഭാഗത്തുനിന്ന് ഉണ്ടാവാതിരിക്കുക എന്നതാണ് പ്രധാനം. എല്ലാ രാഷ്ട്രീയ പാർട്ടികളും അക്കാര്യത്തിൽ ഒരു മിതത്വം പാലിക്കണം.

ഇനി സമാധാനം ഉണ്ടാക്കുവാൻ നടത്തുന്ന ഏതൊരു ശ്രമത്തോടും ബി.ജെ.പി.-യുടെ കലവറയില്ലാത്ത പിന്തുണയുണ്ടാകും.

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ - സി.പി.ഐ(എം)</u>**

ചില പ്രദേശത്ത് കഴിഞ്ഞ മാസം നടന്ന സംഭവങ്ങൾ ആ പ്രദേശത്ത് സമാധാന തകർച്ചയ്ക്ക് കാരണമായെന്നത് വസ്തുതയാണ്. ദൗർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ ബി.ജെ.പി. പ്രസിഡന്റ് എടുത്ത നിലപാട് സൗഹാർദ്ദപരമാണ്. രണ്ട് പാർട്ടികളുടെയും ആർ.എസ്.എസ്.-ന്റെയും നേതാക്കളുമായി ഒരു ഉന്നതമായ ചർച്ച നടത്തിയിരുന്നു. അതിൽ നിന്ന് വ്യക്തമായത് ഇരുവിഭാഗത്തു നിന്നും സംഭവങ്ങൾ നടത്തുന്നതിന് താല്പര്യമില്ല എന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ

പ്രശ്നങ്ങളുണ്ടായ തിരുവനന്തപുരത്തും, കോട്ടയത്തും, കണ്ണൂരും ഉഭയകക്ഷി ചർച്ച നടത്തി അത് കണ്ണൂരിൽ അന്തരീക്ഷം മാറ്റി എടുക്കാൻ സഹായകമായി. തിരുവനന്തപുരത്ത് ചർച്ച നടത്തിയ അന്നുതന്നെ കാട്ടാക്കടയിൽ ഒരു സംഭവം ഉണ്ടായി. പക്ഷേ ആ സംഭവം ഉണ്ടായപ്പോൾ ബി.ജെ.പി-യുടെ ജില്ലാ നേതൃത്വം തന്നെ ഇടപെട്ട് ആ സംഭവം ഉണ്ടായതിനെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറായി. ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് സി.പി.എം.-ന്റെ ജില്ലാ സെക്രട്ടറിയുമായി ബന്ധപ്പെട്ട് ആ സംഭവം ദൗർഭാഗ്യകരമാണ്, ഞങ്ങളത് അന്വേഷിക്കുമെന്ന നിലപാട് എടുത്തു. അത് സ്ഥിതിഗതികൾ മാറ്റാൻ സഹായകമായി. തുടർന്ന് സംഭവങ്ങൾ ഒന്നും ഉണ്ടായില്ല. ഇങ്ങനെ പ്രശ്നത്തിൽ ഇടപെടുന്നൊരുസ്ഥിതി നമ്മൾ പ്രശ്നങ്ങൾ ഉണ്ടാകുന്നിടത്ത് സ്വീകരിച്ചാൽ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുവാൻ കഴിയും.

സി.പി.എം. ഇക്കാര്യത്തിൽ ഒരു നിലപാട് എടുത്തിട്ടുണ്ട്. പൊതുവിൽ നമ്മൾ സമാധാനം ആഗ്രഹിച്ച് സംഭവങ്ങൾ നടത്താൻ പാടില്ല. അത്തരം സംഭവങ്ങളിൽ പങ്കാളികളാകുന്ന പാർട്ടിക്കാർക്ക് യാതൊരുവിധ പിൻതുണയും കൊടുക്കേണ്ടതില്ല. പാർട്ടി പ്രവർത്തകർ മുൻകൈ എടുത്ത് ഒരു സംഭവവും നടക്കാൻ പാടില്ലായെന്ന കർശനമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അത് പരസ്യമായി തന്നെ പ്രഖ്യാപിക്കുവാൻ തയ്യാറാണ്. ചില സംഭവങ്ങളിൽ പ്രാദേശിക ക്രിമിനൽ ആക്ടിവിറ്റിസിൽ പങ്കാളികളാവുന്നവർ ഉണ്ടാകും. അവർ പാർട്ടിയുടെ ആളായിരിക്കില്ല എങ്കിലും ചില സംഭവങ്ങളിൽ അവർ പങ്കാളികളാകും. അത് പിന്നീട് പാർട്ടി തലത്തിൽ അത്തരം സംഭവങ്ങൾ വന്നു ചേരുന്നു. ഇതിലൊക്കെ ഒരു രാഷ്ട്രീയ സംസ്കാരം വളർത്തിയെടുക്കുക, ഇത്തരം സംഭവങ്ങൾ ഇല്ലാതിരിക്കുക. അത് കേരളത്തിൽ സമാധാനത്തിന് അത്യന്താപേക്ഷിതമാണ്. സ്ഥിതിഗതി നിയന്ത്രിക്കുവാൻ സാധിക്കുന്നതാണ്. ഉണ്ടായ സംഭവങ്ങളിൽ നിയമപരമായ നടപടികൾ എടുക്കണം. സംഭവങ്ങളിൽ പങ്കാളികളാകുന്നവർക്ക് പാർട്ടി നോക്കാതെ യാതൊരുവിധ രക്ഷയുമില്ല എന്നുള്ളനില സ്വീകരിച്ചുകൊണ്ട് മാത്രമേ ഗവൺമെന്റ് ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയൂ. ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ച നയം കൊണ്ടാണ് പ്രതികളെ മുഖം നോക്കാതെ പിടികൂടുവാൻ കഴിഞ്ഞത്. പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചാൽ ഗവൺമെന്റ് ഇടപെടണം.

സോഷ്യൽ മീഡിയയിലെ ഭീഷണി അധിക്ഷേപങ്ങൾ പത്രങ്ങളിലാണെങ്കിൽ നമ്മൾ നിയമനടപടി സ്വീകരിക്കും. സോഷ്യൽ മീഡിയയിലാണെങ്കിൽ കണ്ടില്ലെന്ന് നടിക്കും. സോഷ്യൽ മീഡിയയിൽ പ്രകോപനപരമായ posting കൊടുക്കുന്നത് സർക്കാർ തലത്തിൽ പിരശോധിക്കണം.

സംഘടനാ സ്വാതന്ത്ര്യം : - എല്ലാവർക്കും എല്ലാ സ്ഥലത്തും സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അവകാശം വേണം. അതിന് വ്യത്യസ്ഥമായ സംഭവങ്ങൾ എവിടെയാണെന്ന് പരിശോധിച്ച് ജില്ലാ തലത്തിൽ ചർച്ച ചെയ്ത് അതിനൊരു

പരിഹാരമുണ്ടാക്കണം. അവിടെയാണ് സ്ഥലങ്ങളൊക്കെ പറയാൻ സാധിക്കുന്നത്. ആയുധശേഖരം, ആയുധങ്ങൾ നിർമ്മിക്കൽ: - ആരായാലും അവരെ പിടികൂടണം. അതിന്റെ ഉറവിടം തകർക്കാൻ ശക്തമായ നടപടി ഉണ്ടാവണം എന്ന അഭിപ്രായത്തോട് പൊതുവിൽ യോജിപ്പാണ്.

ജില്ലാ തലത്തിൽ നടന്ന ഉഭയകക്ഷി ചർച്ചയിൽ, പ്രധാനമായും പ്രശ്നങ്ങൾ നടന്ന സ്ഥലത്ത് പ്രാദേശികമായി ഒരു ഉഭയകക്ഷി ചർച്ച വേണം എന്നൊരു അഭിപ്രായവുമുണ്ടായി. ജില്ലാ കലക്ടർ തലത്തിലും, സർക്കിൾ തലത്തിലും പ്രശ്നങ്ങൾ ഉള്ളിടത്ത് ഒരു സംവിധാനം നല്ലതാണ്. ഔദ്യോഗിക തലത്തിൽ ഒരു സംവിധാനം ഉണ്ടാക്കണം. കണ്ണൂർ പ്ലാത്തുരിലെ സംഭവം നിർഭാഗ്യകരമാണ്. കോൺഗ്രസ് നേതാവ് ആക്രമിക്കപ്പെട്ടത് തെറ്റാണ്. ടി ആളുകൾക്കെതിരെ പാർട്ടി തന്നെ നടപടി സ്വീകരിക്കുന്നുണ്ട്. സി.പി.എം. അത് അംഗീകരിക്കുന്നില്ല. അനിയന്ത്രിതമായി ഏതെങ്കിലും സ്ഥലത്ത് ഒരു സംഭവം നടന്നാൽ അതൊന്നും ഏറ്റെടുക്കുവാൻ പാർട്ടി ഉദ്ദേശിക്കുന്നില്ല. സി.പി.എം. ഭാഗത്തുനിന്ന് സമാധാനം പുനസ്ഥാപിക്കാൻ എല്ലാ സഹായങ്ങളും ഉണ്ടാകും.

<u>ശ്രീ. എം.എം. ഹസ്സൻ (കോൺഗ്രസ്)</u>

യോഗത്തിലെ അഭിപ്രായത്തോട് യോജിച്ച് പരസ്പരം ചർച്ച ചെയ്ത് യോജിപ്പിന്റെ മേഖല കണ്ടെത്തി അതിന്റെ തുടർച്ചയായാണ് ഈ സർവ്വകക്ഷി യോഗം. 5 – 6 മണിക്കൂർ ഈ നഗരം അക്രമികളുടെ കയ്യിലായിരുന്നു. നേരത്തെ ഉണ്ടായ ചില സംഭവങ്ങളുടെ തുടർച്ചയാണ് ഐരാണിമുട്ടം കോളേജിൽ എ.ബി.വി.പി.-യും എസ്.എഫ്.ഐ.-യും തമ്മിൽ ഉണ്ടായ തർക്കത്തിൽ നിന്നാണ് ഇത് തുടങ്ങിയത്. യൂണിവേഴ്സിറ്റി കോളേജിൽ ആർ.എസ്.എസ്.-കാർ ജാഥ നടത്താൻ തീരുമാനിച്ചു. ഇന്റലിജൻസിന് വ്യക്തമായ വിവരം ഉണ്ടായിരുന്നു. ഇന്റലിജൻസിന്റെ പരാജയം ആയിരുന്നു. പോലീസ് അതിന് കർശനമായ മുന്നൊരുക്കങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ കുറച്ചെങ്കിലും കുറയ്ക്കാകമായിരുന്നു. ഇന്റലിജൻസ് നടപടിയെടുത്തില്ല. പോലീസ് കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതായിരുന്നു.

ഒരു പുതിയ രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്തി കേന്ദ്രം ഭരിക്കുന്ന പാർട്ടി കേരളത്തിൽ സാന്നിദ്ധ്യം ഉറപ്പിക്കുവാൻ കേരളം ഭരിക്കുന്ന പാർട്ടികളുമായി ഏറ്റുമുട്ടുന്നു. പ്രതിയോഗികളെ ഉന്മൂലനം ചെയ്യുന്ന സംസ്കാരം ഇല്ലാതാക്കണം. ഒരു പുതിയ സംസ്കാരം ഉണ്ടാക്കിയെടുക്കണം. അക്രമ രാഷ്ട്രീയം ഇല്ലാതാക്കുവാൻ കർശനമായ നടപടി വേണം. കൊലക്കേസിൽ ഭരണത്തിന്റെയോ ഗവൺമെന്റിന്റേയോ യാതൊരുവിധ സംരക്ഷണവും ലഭിക്കരുത്. രാജേഷ് കൊലക്കേസിൽ ഒരാൾക്ക് ജാമ്യം കിട്ടിയത് കേസ് ചാർജ്ജ് ചെയ്തതിൽ പോലീസ് കർശന നിലപാട് എടുത്തിട്ടില്ലായെന്നതിന്റെ തെളിവാണ്. പോലീസ് മുഖം നോക്കാതെ നടപടിയെടുക്കുന്നത് അനുഭവപ്പെടണമെങ്കിൽ ആരായാലും മുഖം നോക്കാതെ നടപടിയെടുക്കണം.

സമാധാന അന്തരീക്ഷം സ്ഥാപിക്കുവാൻ പൂർണ്ണമായ പിന്തുണയുണ്ട്. ഹർത്താലിൽ ജനങ്ങളുടെ സ്വൈര്യജീവിതം തകർക്കുന്നത് ശരിയല്ല.

**ശ്രീ. കാനം രാജേന്ദ്രൻ - സി.പി.ഐ.**

അക്രമങ്ങൾക്ക് എതിരെ എല്ലാ മുഖ്യധാര രാഷ്ട്രീയ പാർട്ടികളും ശക്തമായ നിലപാട് എടുക്കുകയും അതിൽ ഉറച്ച് നിൽക്കുകയും ചെയ്യണം. വിവേകമുള്ള നേതൃത്വം യുക്തി പൂർവ്വമായ നിലപാട് എടുക്കണം. പോലീസ് സജീവമായി ഇടപെടുന്നുണ്ട്. പോലീസ് നിക്ഷ്പക്ഷവും നീതിപൂർവ്വവുമാണെന്ന് ജനങ്ങളിൽ വിശ്വാസം ഉണ്ടാക്കുവാൻ സാധിക്കണം. എങ്കിൽ മാത്രമേ സംഭവങ്ങൾ നിയന്ത്രിക്കുവാൻ സാധിക്കൂ. ക്രമസമാധാനത്തിന് എല്ലാമുഖ്യധാര രാഷ്ട്രീയ പാർട്ടികളും ഗവൺമെന്റിനോട് സഹകരിച്ചുകൊണ്ട് സമാധാനത്തിന്റെ അന്തരീക്ഷം നിലനിർത്താൻ ശ്രമിക്കണം. അതിന് സി.പി.ഐ.-യുടെ എല്ലാ പിന്തുണയും ഉണ്ടാകും.

**ശ്രീ.കൃഷ്ണൻകുട്ടി - ജെ ഡി എസ്**

സ്പെഷ്യൽ ബ്രാഞ്ചിന്റെ സംവിധാനം വളരെ ശക്തിപ്പെടുത്തണം. ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന സംഭവങ്ങൾ നേരത്തെ അറിഞ്ഞ്, സംഭവം ഉണ്ടായാൽ സ്റ്റേഷൻ ഓഫീസറുടെ ഉത്തരവാദിത്തമാക്കണം. സ്പെഷ്യൽ ബ്രാഞ്ച് സംവിധാനത്തിന് എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിച്ച് സംവിധാനം ഉണ്ടാക്കണം. മയക്കു മരുന്ന് ലോബിയുടെ പങ്കുകൂടി പരിശോധിക്കണം. എല്ലാ പിന്തുണയും നല്കുന്നു.

**ശ്രീ. മായിൻഹാജി ഐ യു എം എൽ**

പോലീസ് ജാഗ്രത പാലിക്കണം. പോലീസ് നിഷ്പക്ഷമായാൽ പോര നിക്ഷ്പക്ഷമാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടണം. ചില കേസുകളിൽ, കൗണ്ടർ കേസിലും തുല്യ വകുപ്പുകൾ ചേർത്ത് ചാർജ്ജ് ചെയ്യുന്ന നിലപാട് പോലീസിനുണ്ട്. കൊലപാതകകേസിൽ പ്രതികൾ ജാമ്യം നേടുന്നത് ശരിയല്ല. ഇത് ഗവൺമെന്റ് പരിശോധിക്കണം. അക്രമങ്ങൾ ഉണ്ടായാൽ മാധ്യമങ്ങൾ ചർച്ച ചെയ്യും. ഒരു സംഭവം ഉണ്ടായാൽ ഉടനടി സമാധാന യോഗം വിളിക്കാതെ വരുന്നതു കാരണം മാധ്യമങ്ങൾ വളച്ചൊടിക്കുന്നതിന് കാരണമാകുന്നു. നെഗറ്റീവ് പ്രചരണങ്ങൾക്ക് ശേഷം യോഗം ചേരുന്നത് ഫലം കുറയ്ക്കുന്നു. സമാധാന ശ്രമം വേഗത്തിൽ നടക്കുന്നില്ലയെന്ന് പറയുന്നതിൽ ഖേദമുണ്ട്. കക്ഷി നേതാക്കൾ സമാധാന ശ്രമത്തിന് ഭംഗം വരുത്തുന്നില്ല. സമാധാന ശ്രമങ്ങളോട് യോജിക്കുന്നു.

**ജോസഫ് എം. പുതുശ്ശേരി - കേരള കോൺഗ്രസ് (എം)**

അക്രമങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ചെറുതും വലുതുമായ ശ്രമങ്ങൾ പ്രയോജന പ്രദമാണ്. അക്രമ സംഭവങ്ങളിൽപ്പെട്ട സി.പി.എം.-നും ബി.ജെ.പി.-യ്ക്കും കൂടുതൽ ഉത്തരവാദിത്തമുണ്ട്. സമാധാന ചർച്ചയ്ക്കൊപ്പം ഇരുകക്ഷികളും നടത്തുന്ന കാമ്പയിൽ നടക്കുന്നു. അത് സമാധാനത്തിന് കുറവുണ്ടാക്കണം. ഹർത്താൽ പെട്ടെന്ന് പ്രഖ്യാപിക്കുന്നത് ബുദ്ധിമുട്ടാണ്. പോലീസ് അക്രമണസംഭവങ്ങൾ മുൻകൂട്ടികണ്ട് തടയാൻ ജാഗരൂക സമീപനം വേണം. എല്ലാ പിന്തുണയും നല്കുന്നു.

<u>പി. സി. ജോർജ് എം. എൽ.എ.</u>

കേരളത്തെപ്പറ്റിയുള്ള പ്രചരണത്തിന് ബി ജെ പി -യ്ക്ക് ചില ലക്ഷ്യങ്ങൾ ഉണ്ട്. സമാധാന ശ്രമം നടക്കുമ്പോൾ കേന്ദ്രമന്ത്രിമാർ വരുന്നത് വാർത്തകൾ സൃഷ്ടിക്കപ്പെടുന്നു. സംഘർഷം കുറയ്ക്കുന്നില്ല. അണികളിൽ കൂടുതൽ ആവേശം പടർത്തി സംഘർഷം ഉണ്ടാകാൻ ഇതിന് സാദ്ധ്യതയുണ്ട്. കേന്ദ്രത്തിലും കേരളത്തിലുമുള്ള ഭരിക്കുന്ന കക്ഷികൾ സംയമനം പാലിക്കണം. ഏറ്റവും സുരക്ഷിതവും സമാധാനവുമുള്ള സംസ്ഥാനം കേരളം ആണ്. കേരളത്തിനെതിരായ പ്രചരണത്തെ നേരിടുവാൻ ഗവൺമെന്റും ഇവിടുത്തെ രാഷ്ട്രീയ കക്ഷികളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം

<u>ശ്രീ. അനൂപ് ജേക്കബ് - കേരള കോൺഗ്രസ് (ജേക്കബ്)</u>

അഭിപ്രായങ്ങൾ സ്വാഗതാർഹമാണ്. ഇരുപാർട്ടികളും ആത്മാർത്ഥമായ സമീപനം സ്വീകരിച്ചാൽ കേരളത്തിലെ വിഷയങ്ങൾ പരിഹരിക്കപ്പെടും. അക്രമത്തിൽ ഇരയാകുന്നവരുടെ ഭവനങ്ങളിൽ എല്ലാ പാർട്ടിക്കാരും സന്ദർശിക്കണമെന്നത് നല്ല ആശയമാണ്. കണ്ണൂർ കളക്ടരുടെ നേതൃത്തിൽ നടപ്പിലാക്കിയതാണ്. എന്നാൽ പിന്നീടും ഈ തരത്തിലുള്ള ആക്രമണങ്ങൾ ആവർത്തിച്ചു. രാഷ്ട്രീയ നേതൃത്വം ഇച്ഛാശക്തിയോടെ കൊലപാതകങ്ങൾ വേണ്ട എന്നെടുത്താൽ മാത്രമേ വിഷയങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സാധിക്കണം. സംഭവം കഴിഞ്ഞുള്ള പ്രതിഷേധ പ്രകടനം ജനങ്ങളിൽ ഭീതി പരത്തുന്നു. ഗവൺമെന്റിൽ നിന്ന് ശക്തമായ സമീപനവും നടപടികളും വേണം. പ്രതികൾക്ക് അർഹമായ ശിക്ഷ നല്കണം. സമാധാന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. ടി. രമേശ്, ബി ജെ പി</u>

ഉഭയകക്ഷി ചർച്ച കോട്ടയം. കണ്ണൂർ, തിരുവനന്തപുരം എന്നിവടങ്ങളിൽ നടന്നെങ്കിലും സംഘർഷം കേരളത്തിൽ എല്ലാ ഭാഗത്തും നിലനിൽക്കുന്നുണ്ട്. ഹർത്താൽ പരമാവധി ആത്മസംയമനം പാലിച്ചതാണ്. രാജേഷിന്റെ

കൊലപാതകം, ഹർത്താൽകൊണ്ട് പ്രശ്നങ്ങൾ പരിമിതപ്പെടുത്തുവാൻ കഴിയുന്നു. ആളുകൾക്ക് അവരവർക്ക് തോന്നുന്ന പ്രതിഷേധത്തെക്കാൾ നല്ലത് നേതൃത്വത്തിന്റെ തീരുമാനമനുസരിച്ചുള്ള പൊതുരീതിയാണ്.

*ജനതാദൾ (യു) , കേരള കോൺഗ്രസ് (ബി) , സി. എം. പി. , എൻ. സി. പി. , ആർ. എസ്. പി. (എൽ) , നാഷണൽ സെക്യൂലർ കോൺഫറൻസ്, കേരള കോൺഗ്രസ് (എസ്) എന്നീ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ സംസാരിക്കുകയും മുഖ്യമന്ത്രിയെയും സർക്കാരിന്റെ സമാധാന ശ്രമങ്ങളെയും അഭിനന്ദിക്കുകയും എല്ലാ പിന്തുണയും പ്രഖ്യാപിക്കുകയും ചെയ്തു.*

പ്രശ്നങ്ങൾ പരിഹരിക്കുവാനും സമാധാന അന്തരീക്ഷം നിലനിർത്താനുമുള്ള സഹകരണം എല്ലാവരും ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി താഴെപ്പറയുന്ന യോഗതീരുമാനങ്ങൾ പ്രഖ്യാപിച്ചു.

1. സംസ്ഥാനത്തെ ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും പടരാതിരിക്കാനും ആവശ്യമായ കരുതൽ പൊതുവെ ഉണ്ടാകണം **( നടപടി : രാഷ്ട്രീയ പാർട്ടികൾ)**
2. കേരളം സംഘർഷ മേഖലയാണ് എന്ന് ചിത്രീകരിക്കുന്ന അവസ്ഥ പൊതുവെ സംസ്ഥാനത്തിന്റെ താല്പര്യത്തിന് എതിരായി വരുന്ന ഒന്നാണ്. സംസ്ഥാനത്തേക്ക് വരുന്ന നിക്ഷേപം, ടൂറിസ്റ്റുകളുടെ വരവ് തുടങ്ങിയവയെ ബാധിക്കും.സംസ്ഥാന താല്പര്യമാണ് പൊതുവെ ഉയർന്നുവന്നത്. അതിനുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.
3. പോലീസ് കൃത്യമായി കാര്യങ്ങൾ നിർവ്വഹിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ വന്ന ചില അഭിപ്രായങ്ങൾ കുറേക്കൂടി ജാഗ്രത പോലീസ് പാലിക്കണമെന്നാണ്. അക്രമ സംഭവങ്ങൾ മുൻകൂട്ടി മനസ്സിലാക്കാനുള്ള ജാഗ്രത പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. എന്താണ് ചെയ്യുവാൻ കഴിയുന്നതെന്ന് പരിശോധിക്കാം. അക്രമങ്ങൾ ഉണ്ടായാൽ മുഖം നോക്കാതെ നടപടിയെന്നത് നിലവിലുള്ള നിർദ്ദേശം തന്നെയാണ്. അക്കാര്യത്തിൽ പുതിയ നിർദ്ദേശം ആവശ്യമില്ല. **( നടപടി : സംസ്ഥാന പോലീസ് മേധാവി)**
4. കൊലക്കേസിൽ പ്രതിക്ക് ജാമ്യം കിട്ടിയതിൽ എല്ലാരും ആശങ്കപ്പെടുന്നുണ്ട്. പ്രോസിക്യൂഷൻ അപ്പീൽ കോടതിയിൽ കൊടുത്തിരിക്കുകയാണ്. പോലീസിന്റെ ജാഗ്രത കുറവ് കൊണ്ട് സംഭവിച്ചതല്ല. ഗൗരവതരമായി

പ്രോസിക്യൂഷൻ ഈ വിഷയം എടുത്തിട്ടുണ്ട്. **( നടപടി : ആഭ്യന്തര വകുപ്പ്)**

5. നാട്ടിൽ പ്രകോപനങ്ങൾ സൃഷ്ടിക്കുവാൻ സോഷ്യൽ മീഡിയ വഹിക്കുന്ന പങ്ക് - സർക്കാരിന് ചെയ്യാൻ പറ്റുന്നത് പരിശോധിക്കാം - പക്ഷേ കേന്ദ്ര നിയമമാകയാൽ പരിമിതിയുണ്ട്. രാജ്യത്താകെ തീരുമാനം വേണ്ടിവരും. **( നടപടി : ആഭ്യന്തര വകുപ്പ്)**
6. സംഘടനാ സ്വാതന്ത്ര്യം - എല്ലാവർക്കും നമ്മുടെ നാട്ടിൽ പ്രവർത്തിക്കുവാനുള്ള അവകാശമുണ്ട്. ആ അവകാശം കവരാൻ പാടില്ല. കവർന്നാൽ സമ്മതിക്കാനും പാടില്ല. ജില്ലകളിൽ ഇത്തരം കാര്യങ്ങൾ പരിശോധിക്കണം**( നടപടി : രാഷ്ട്രീയ പാർട്ടികൾ)**
7. ആയുധങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ പോലീസിന് നിർദ്ദേശം നല്കും. **( നടപടി : സംസ്ഥാന പോലീസ് മേധാവി)**
8. ക്രിമിനലുകൾക്കും രാഷ്ട്രീയം കാണും. ക്രിമിനലുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ആ നിലയിൽ കാണണം. ആ നിലയ്ക്ക് നടപടി സ്വീകരിക്കും.**( നടപടി : സംസ്ഥാന പോലീസ് മേധാവി)**
9. സംസ്ഥാനത്തിന്റെ പൊതുവായ സന്ദേശം നമ്മൾ ഒറ്റക്കെട്ടായി ഈ വിഷയത്തിൽ നില്ക്കുന്നു. നാടിന്റെ സമാധാനവും ശാന്തിയും നിലനിർത്തുന്നതിന് ഒന്നിച്ച് ശ്രമിക്കാം. ഒന്നിച്ചുതന്നെ പറയാൻ കഴിയണം. **( നടപടി : രാഷ്ട്രീയ പാർട്ടികൾ)**

സർവ്വകക്ഷി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ബഹു. മുഖ്യമന്ത്രി നന്ദി അറിയിച്ചു.

യോഗം 4.30

pm- ന് അവസാനിച്ചു

ചെയർമാൻ ഒപ്പ്